**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2090** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>കൊല്ലം കനാലിന്റെ പുനരുദ്ധാരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. മുകേഷ്

ശ്രീ. എം. മുകേഷ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കൊല്ലം കനാലിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നതെന്ന് റീച്ചുകൾ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പരവൂർ കായലിനെയും അഷ്ടമുടി കായലിനെയും ബന്ധിപ്പിക്കുന്ന 7.8 കി.മീ നീളമുള്ള കൊല്ലം തോടിനെ ഭരണ സൗകര്യാർത്ഥം 6 റീച്ചുകളായി തിരിച്ചാണ് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പാക്കി വരുന്നത്.

**റീച്ച് - I - ഇരവിപുരം ബോട്ട് ജെട്ടി മുതൽ ഇരവിപുരം പാലം വരെ (66.320 കി.മീ മുതൽ 67.830 കി.മീ വരെ 1.50 കിലോമീറ്റർ)**

മാലിന്യം നിക്ഷേപിക്കാതിരിക്കുവാൻ റീച്ച് 1 ന്റെ ഇടതുകര ഫെൻസിംഗ് ചെയ്ത് വൃത്തിയാക്കിയിട്ടുണ്ട്. വലതുകരയിൽ സംരക്ഷണഭിത്തിയുടെ നിർമ്മാണവും ഫെൻസിംഗ് പ്രവൃത്തികളും നടന്നുവരുന്നു. ആഴം കൂട്ടൽ പ്രവൃത്തികൾ വർഷങ്ങൾക്ക് മുൻപ് നടത്തിയിരുന്നു. ഭാഗികമായി നാവിഗബിൾ ആണ്.

**റീച്ച് - II – ഇരവിപുരം പാലം മുതൽ കച്ചിക്കടവ് വരെ (67.830 കി.മീ മുതൽ 69.800 കി.മീ വരെ 1.97 കി.മീ)**

റീച്ച് രണ്ടിന്റെ വശങ്ങൾ പൈലും സ്ലാബും ഉപയോഗിച്ച് സംരക്ഷിച്ചിട്ടുണ്ട്. നിലവിൽ ഡ്രഡ്ജിംഗ് നടത്തി ആഴം കൂട്ടിയിട്ടുണ്ട്.

**റീച്ച് - III – കച്ചിക്കടവ് മുതൽ ജലകേളീകേന്ദ്രം വരെ (69.800 കി.മീ മുതൽ 71.300 കി.മീ വരെ 1.5 കിമീ )**

ആഴംകൂട്ടൽ പ്രവൃത്തികളും സംരക്ഷണഭിത്തിയുടെ നിർമ്മാണത്തിനുള്ള മണ്ണ് പരിശോധന പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

**റീച്ച് - IV – ജലകേളീകേന്ദ്രം മുതൽ പള്ളിത്തോട്ടം പാലം (71.300 കി.മീ മുതൽ 72.250 കി.മീ വരെ 950 മീറ്റർ)**

ജലപാതയുടെ ആഴംകൂട്ടൽ ഭാഗികമായി നടത്തിയിട്ടുണ്ട്.

**റീച്ച് - V - പള്ളിത്തോട്ടം മുതൽ കല്ലുപാലം വരെ (72.250 കി.മീ മുതൽ 72.950 കി.മീ. വരെ 700 മീറ്റർ)**

ഈ ഭാഗത്ത് ജലപാതയുടെ ആഴംകൂട്ടൽ ഭാഗീകമായി മാത്രമേ നടത്തിയിട്ടുണ്ട്. സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. ജലപാതയ്ക്ക് വേണ്ടുന്ന വെർട്ടിക്കൽ ക്ലിയറൻസ് ഇല്ലാതിരുന്നതിനാൽ പഴയ കല്ലുപാലം പൊളിച്ച് മാറ്റി സംസ്ഥാന ജലപാതാ മാനദണ്ഡം അനുസരിച്ച് വെർട്ടിക്കൽ ക്ലിയറൻസ് ഉറപ്പാക്കിയുള്ള പുതിയ കല്ലുപാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വലതുകരയുടെ കുറച്ച് ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

**റീച്ച് - VI - കല്ലുപാലം മുതൽ അഷ്ടമുടി മൗത്ത് വരെ(72.950 കി.മീ മുതൽ 74.180 കി.മീ വരെ 1.23 കി.മീ)**

പൈലും സ്ലാബും ഉപയോഗിച്ചുള്ള സംരക്ഷണഭിത്തി പകുതിയോളം ഭാഗങ്ങളിൽ പൂർത്തിയായിട്ടുണ്ട്. നിലവിൽ ഡ്രെഡ്ജിംഗ് നടത്തി ആഴംകൂട്ടൽ പൂർത്തിയാക്കിയിട്ടുണ്ട്.

**(ബി)** പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** വേലിയേറ്റവും വേലിയിറക്കവും കാരണം ഇരുവശങ്ങളിലും ഒഴുക്ക് ഉള്ളതിനാലും, ധാരാളം തോടുകൾ കൊല്ലം തോടിലേക്ക് വന്ന് പതിക്കുന്നതിനാലും, സംരക്ഷണഭിത്തി ഇല്ലാത്ത ഭാഗങ്ങളിൽ നിന്നും മണ്ണ് ഇടിഞ്ഞുവീഴുന്നുണ്ട്. അതിനാൽ രണ്ടു വർഷത്തിലൊരിക്കലെങ്കിലും ആഴംകൂട്ടൽ പ്രവൃത്തി നടപ്പിലാക്കിയാൽ മാത്രമേ ജലപാത പൂർണ്ണമായും ജലഗതാഗതത്തിന് അനുയോജ്യമാകുകയുള്ളൂ. റീച്ച് I, IV, V എന്നിവിടങ്ങളിൽ കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ പുതിയ പ്രവൃത്തികൾ ഒന്നുംതന്നെ ഏറ്റെടുക്കാൻ കഴിയുന്നില്ല. കൊല്ലം തോടിന്റെ വീതി റീച്ച് 4 ൽ 7 മീറ്ററായി ചുരുങ്ങിയിട്ടുണ്ട്.

റീച്ച് 1 ഒഴികെയുള്ള ഭാഗങ്ങളിൽ പട്ടയം ഉള്ളതും ഇല്ലാത്തതുമായി 70 ലേറെ കുടുംബങ്ങൾ നിൽക്കുന്നുണ്ട്. ടി കുടംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഇൻലാൻഡ്, റവന്യൂ വിഭാഗങ്ങളുടെ സംയുക്ത സ്ഥലപരിശോധനയും അതിർത്തി നിർണ്ണയ നടപടികളും പൂർത്തിയായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**